"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്— ജില്ലാ സൈനിക ക്ഷേമ ഓഫീസറായ ശ്രീ.വിനോദ് മാത്യുവിന്റെ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.47/2025/SWD തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:-

1. കോട്ടയം ജില്ലാ കളക്ടറുടെ 13.12.2024 ലെ DCKTM/10733/2024-M1 നമ്പർ കത്തും പരിശോധന റിപ്പോർട്ടും
2. 17.01.2025 ലെ സ.ഉ.(സാധാ)നം.3/2025/സൈ.ക്ഷേ.വ നമ്പർ ഉത്തരവ്.
3. 04.02.2025 ലെ SW2/142/2024-SWD നമ്പർ കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും.
4. ശ്രീ.വിനോദ് മാത്യു, സൈനിക ക്ഷേമ വകുപ്പ് മുൻ ഡയറക്ടർ ഇൻ ചാർജ്ജ് ന്റെ 28.02.2025 ലെ പ്രതിവാദപത്രിക.
5. ബഹു.മുഖ്യമന്ത്രി മുമ്പാകെ ശ്രീ.വിനോദ് മാത്യു സമർപ്പിച്ച 01.02.2025 ലെ അപേക്ഷ.

**ഉത്തരവ്**

കോട്ടയം ജില്ലാ സൈനിക ക്ഷേമ ഓഫീസറായിരുന്ന ശ്രീ.വിനോദ് മാത്യു ഓഫീസിൽ ഹാജരാകാതെ സൈനിക് റസ്റ്റ് ഹൗസിൽ തങ്ങുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൈനിക ക്ഷേമ വകുപ്പ് സെക്രട്ടറി കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കളക്ടർ ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പരിശോധിച്ചതിൻപ്രകാരം ശ്രീ.വിനോദ് മാത്യു ഒക്ടോബർ 25 മുതൽ 30 വരെയുള്ള ദിവസങ്ങളിലും, 10.12.2024 മുതൽ 12.12.2024 വരെയുള്ള ദിവസങ്ങളിലും അനധികൃതമായി ഓഫീസർ ഹാജരായില്ല എന്നും കൂടാതെ 12.12.2024 ന് ടിയാൻ ഔദ്യോഗിക ആവശ്യങ്ങൾക്കായി സൈനിക് റസ്റ്റ് ഹൗസിൽ റൂം എടുത്ത ശേഷം അന്നേദിവസം ടി മുറിയിൽ മദ്യപിച്ച് അവശനിലയിൽ ഉടരുകയായിരുന്നുവെന്നും കണ്ടെത്തിയിരുന്നു. തുടർന്ന് ശ്രീ.വിനോദ്

മാത്യുവിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന സ്ഥിരമായുള്ള അച്ചടക്കരാഹിത്യവും കൃത്യവിലോപവും വീഴ്ചകളും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുകയും, വകുപ്പിന്റെ സൽപേരിനു കളങ്കം വരുത്തുകയും ചെയ്തുവരുന്ന സാഹചര്യത്തിൽ ടിയാനെ പരാമർശം (2) പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു.

2. തുടർന്ന് ശ്രീ.വിനോദ് മാത്യുവിനെതിരെ ഗുരുതരമായക്രമക്കേടിനുള്ള അച്ചടക്കനടപടി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്കനടപടി ആരംഭിക്കുകയുമുണ്ടായി . ടീ അച്ചടക്കനടപടിയുടെ ഭാഗമായി ഔപചാരികാന്വേഷണം നടത്തുകയും ടീയാന് എതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ശിക്ഷാനടപടി അറിയിച്ചുകൊണ്ട് കരണംകാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട് . സൈനിക ക്ഷേമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ 13.05.2025 ൽ നേരിൽ കേട്ടിരുന്നു. നേരിൽ കേൾക്കുന്ന സമയത്തും പരാമർശം (5) പ്രകാരമുള്ള അപേക്ഷയിലും തുടർന്നുള്ള സേവനകാലം സർവ്വീസ് ചട്ടങ്ങൾ പാലിച്ച് സേവനം ചെയ്യുന്നതാണെന്നും കൂടാതെ 30.09.2025 ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ ആയത് കണക്കാക്കി സസ്പെൻഷൻ റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിനോദ് മാത്യു 30.09.2025 ൽ സേവനത്തിൽ നിന്നും വിരമിക്കുകയാണ് എന്ന വസ്തുതയും, അതോടൊപ്പം ടിയാൻ തുടർന്നുള്ള സേവനകാലം സർവ്വീസ് ചട്ടങ്ങൾ പാലിച്ച് സേവനമനുഷ്ഠിക്കുന്നതാണെന്നും ആയതിനാൽ ടിയാനെ തിരിച്ചെടുക്കണമെന്ന പരാമർശം (5) അപേക്ഷയും പരിഗണിച്ച് ശ്രീ.വിനോദ് മാത്യുവിനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയ്ക്ക് വിധേയമായി ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്ന ജില്ലാ സൈനിക ക്ഷേമ ഓഫീസർ ശ്രീ.വിനോദ് മാത്യുവിനെ വയനാട് ജില്ലാ സൈനിക ക്ഷേമ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ ഇൻ ചാർജ്ജ്, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

2. ശ്രീ.വിനോദ് മാത്യു, ജില്ലാ സൈനിക ക്ഷേമ ഓഫീസർ (സൈനിക ക്ഷേമ ഡയറക്ടർ മുഖേനെ)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.

5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Cuckoo Abraham

Date: 18-08-2025 12:58:37

സെക്ഷൻ ഓഫീസർ